12437
26/6/18



കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - പുനലൂർ ഡിവിഷൻ അഞ്ചൽ റെയിഞ്ചിലെ കുളത്തുപ്പുഴ സെക്ഷനിൽ പ്പെട്ട 1967 കടമാൻകോട് തേക്ക്-ഇലവ് തോട്ടത്തിലെ അടക്കിമുറിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർവ്വശ്രീ.നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ആർ.സോമൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) എന്നിവർക്കെതിരായ അച്ചടക്ക നടപടി - കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.286/2018/വനം തിയതി,തിരുവനന്തപുരം, 19/06/2018

---

പരാമർശം:- (1) 02.08.2011 ലെ റ്റി.എം.വിഭാഗം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററിന്റെ ബി2-1364/2011 നമ്പർ കത്ത്

(2) 04.01.2012 ലെ 9445/എ1/2011/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

(3) 27.11.2012 ലെ സ.ഉ.(സാധാ) നം.557/2012/വനം ഉത്തരവ്

(4) 28.03.2015 ലെ സ.ഉ.(സാധാ) നം.133/2015/വനം ഉത്തരവ്

(5) 22.11.2016, 22.07.2017, 14.02.2018 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ബി2-1364/2011 നമ്പർ കത്തുകൾ

(6) 21.10.2017 ലെ 1036384/എ1/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(7) 24.11.2017 തീയതിയായി ശ്രീ.ആർ.സോമൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട.), 21.12.2017 തീയതിയായി ശ്രീ.നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച വിശദീകരണം

<u>ഉത്തരവ്</u>

പുനലൂർ ഡിവിഷൻ അഞ്ചൽ റെയിഞ്ചിലെ കുളത്തുപ്പുഴ സെക്ഷനിൽപ്പെട്ട 1967 കടമാൻകോട് തേക്ക്-ഇലവ് തോട്ടത്തിലെ അടക്കിമുറിയിലെ ക്രമക്കേടുകളുമായി

ബന്ധപ്പെട്ട് പരാമർശം (1)-ൽ ശുപാർശ ചെയ്യതിൻ പ്രകാരം സർവ്വശ്രീ എസ്.മോഹനൻ പിള്ള, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ആർ.സോമൻ, ഫോറസ്റ്റർ എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകി. . .

2) ശ്രീ.കെ.നാസറുദ്ദീൻകുഞ്ഞിനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നു.

(i) 1967 കടമാൻകോട് തേക്ക്-ഇലവ് പ്ലാന്റേഷനിൽ 2009 വർഷത്തിൽ അടക്കിമുറി നടത്തുന്നതിനായിട്ടുള്ള അടങ്കലുകൾ അംഗീകരിച്ചു കിട്ടുന്നതിനു മുൻപായിത്തന്നെ മാർക്കിംഗ് ജോലികൾ പൂർത്തിയാക്കുകയും ബേസിക് റേറ്റ് അംഗീകരിക്കുന്നതിന് വളരെ മുൻപു തന്നെ ഫൈനൽ ഫെല്ലിംഗ് ജോലികൾ ആരംഭിക്കുകയും ചെയ്യുത് ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്.

(ii) ഈ തോട്ടത്തിൽ അടക്കിമുറി ജോലികൾ നടത്തിവരവെ തന്നെ 368 തേക്ക് മരങ്ങൾ ഫോറസ്റ്റ് കോഡ് വാല്യം 3 ലെ അപ്പെൻഡിക്സ് VII റൂൾ 17 വ്യവസ്ഥകൾ പാലിക്കാതെ അഡീഷണൽ മാർക്കിംഗ് നടത്തി. ഈ വസ്തുത പരിശോധിക്കാതെ മേലധികാരിക്ക് അംഗീകാരത്തിനായി സമർപ്പിച്ചത് ഗുരുതരമായ കൃത്യവിലോപമാണ്.

(iii) അബ്സ്ട്രാക്റ്റ്, ബേസിക് റേറ്റ് മുതലായവ തയ്യാറാക്കിയിട്ടുള്ളത് യഥാർത്ഥത്തിൽ ഇല്ലാത്ത 100 തേക്കു മരങ്ങൾ കണക്കിൽ ഉൾപ്പെടുത്തിയും 100 പലജാതി മരങ്ങൾ കണക്കിൽ ഉൾപ്പെടുത്താതെയുമാണ്. ഇത് ടിയാന്റെ ഭാഗത്തു നിന്നുള്ള മേൽ നോട്ടക്കുറവു നിമിത്തമാണ് സംഭവിച്ചത്.

(iv) 2007 ൽ മാർക്കു ചെയ്തു നിർത്തിയിരുന്ന 187 തേക്കു മരങ്ങൾ 2009 ലെ മാർക്കിംഗിലും അടക്കിമുറിയിലും ഉൾപ്പെടുത്താത്തതു മൂലമുണ്ടായ 2,04,762/- രൂപയുടെ സർക്കാർ നഷ്ടത്തിന് മറ്റുള്ളവർക്കൊപ്പം ടിയാനും കാരണക്കാരനായി.

(v) മേലുദ്യോഗസ്ഥന് സമർപ്പിച്ച അബ്സ്ട്രാക്റ്റ് പ്രകാരം 2007 ൽ മാർക്ക് ചെയ്തിരുന്നതിനേക്കാൾ 340 തേക്കു മരങ്ങളുടെ കുറവുണ്ടായിരുന്നതിന് തൃപ്തികരമായ മറുപടി ടിയാന് നൽകാൻ കഴിഞ്ഞില്ല.

(vi) 2010 അക്കേഷ്യാ തോട്ടത്തിന്റെ സർവ്വേ, ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള തുകകൾ നൽകിയിരുന്നെങ്കിലും ഈ ജോലികൾ ശരിയാംവണ്ണം ചെയ്തിരുന്നില്ല. ഇത് പരിശോധിക്കാത്തത് ടിയാന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്.

(vii) ടിയാന്റെ മേൽ പ്രവൃത്തികൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചയും നിലവിലുള്ള സർക്കാർ നിയമലംഘനവും ആയതിനാൽ സർക്കാർ നഷ്ടത്തിൽ ടിയാനും ഉത്തരവാദിയാണ്.

3) ശ്രീ.ആർ സോമനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നു.

(i) 1961 കടമാൻകോട് തേക്ക്-ഇലവ് തോട്ടത്തിലെ 2007 ൽ നടന്ന അടക്കിമുറിയുമായി ബന്ധപ്പെട്ട മാർക്കിംഗ് & എന്യുമറേഷൻ ജോലിയിൽ 4188 തേക്ക് മരങ്ങളും 2597 മറ്റു പലജാതി മരങ്ങളുമുൾപ്പെടെ 6785 മരങ്ങളാണ് യഥാർത്ഥത്തിൽ മാർക്കു ചെയ്തിരുന്നെങ്കിലും വസ്തുതകൾക്ക് വിരുദ്ധമായി 4288 തേക്ക് 2497 പലജാലി മരങ്ങൾ എന്ന് തെറ്റായി മാർക്കിംഗ് നടത്തി, യഥാർത്ഥത്തിൽ ഇല്ലാത്ത 100 തേക്കു മരങ്ങൾ കണക്കിൽ ഉൾപ്പെടുത്തി ഉണ്ടായിരുന്ന 100 പലജാതി മരങ്ങൾ ഉൾപ്പെടുത്താതെ കണക്കു സമർപ്പിച്ചതു വഴി ഗുരുതരമായ കൃത്യവിലോപം കാണിച്ചു.

(ii) ഈ തോട്ടത്തിൽ അടക്കിമുറി ജോലികൾ നടത്തിവരവെ തന്നെ 368 തേക്ക് മരങ്ങൾ ഫോറസ്റ്റ് കോഡ് വാല്യം 3 ലെ അപ്പെൻഡിക്സ് VII റൂൾ 17 വ്യവസ്ഥകൾ പാലിക്കാതെ അഡീഷണൽ മാർക്കിംഗ് നടത്തി.

(iii) മേലുദ്യോഗസ്ഥന് സമർപ്പിച്ച അബ്സ്ട്രാക്ട് പ്രകാരം 2007 ൽ മാർക്ക് ചെയ്തിരുന്നതിനോക്കാൾ 340 തേക്കു മരങ്ങളുടെ കുറവുണ്ടായിരുന്നത് മാർക്കിംഗ് സമയത്ത് കണ്ടുപിടിക്കുവാനോ മേലുദ്യോഗസ്ഥന് ചൂണ്ടി ക്കാണിക്കുവാനോ സാധിച്ചില്ല.

(iv) 2010 അക്കേഷ്യാ തോട്ടത്തിന്റെ സർവ്വേ, ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള തുകകൾ നൽകിയിരുന്നെങ്കിലും ഈ ജോലികൾ ശരിയാംവണ്ണം ചെയ്തിരുന്നില്ല.

(V) ടിയാന്റെ മേൽ പ്രവൃത്തികൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചയും നിലവിലുള്ള സർക്കാർ നിയമലംഘനവും ആയതിനാൽ സർക്കാർ നഷ്ടത്തിൽ ടിയാനും ഉത്തരവാദിയാണ്.

4) ശ്രീ.എസ് മോഹനൻപിള്ളയ്ക്കെതിരെയുള്ള അച്ചടക്ക നടപടി, പരാമർശം (3) പ്രകാരം ടിയാനെ കുറ്റവിമുക്തനാക്കിയും സർവ്വശ്രീ.നാസറുദ്ദീൻകുഞ്ഞ്, റെയിഞ്ച് ഓഫീസർ, ആർ.സോമൻ, ഫോറസ്റ്റർ എന്നിവർക്കെതിരെ ഔപചാരികാന്വേഷണത്തിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയും ചെയ്തു.

5) ഔപചാരികാന്വേഷണത്തിൽ ശ്രീ.കെ.നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഓഫീസർക്കെതിരെയുള്ള 7 ചാർജ്ജുകളിൽ 2, 3, 4, 5, 7 ചാർജ്ജുകൾ പൂർണ്ണമായും 6-ാമത്തെ ചാർജ്ജ് ഭാഗികമായും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.ആർ.സോമന് എതിരായ 5 ചാർജ്ജുകളിൽ 1, 2, 3, 5 ചാർജ്ജുകൾ പൂർണ്ണമായും 4-ാമത്തെ ചാർജ്ജ് ഭാഗികമായും തെളിഞ്ഞതായി കണ്ടെത്തി. അന്വേഷണാധികാരിയുടെ കണ്ടെത്തലിനോട് യോജിക്കുന്നതായും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം (5)ലെ 22.11.2016-ലെ കത്ത് പ്രകാരം അഭിപ്രായപ്പെട്ടു.

6) തുടർന്ന് ശ്രീ.നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും 1,05,225/- രൂപ ഈടാക്കുന്നതിനും, കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (VA) പ്രകാരം ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യത്തോടെ തടയുന്നതിനും, ശ്രീ.ആർ.സോമൻ, റിട്ട. സെക്ഷൻ ഫോറസ്റ്റ് ഓഫീസറിന്റെ DCRG-ൽ നിന്നും 99,537/- രൂപ ഈടാക്കുന്നതിനും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം രണ്ട് വർഷത്തേയ്ക്ക് കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം മൂന്ന് പ്രകാരം കുറവു ചെയ്യുന്നതിനും തീരുമാനിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

7) കാരണം കാണിക്കൽ നോട്ടീസിന് സർവ്വശ്രീ.നാസറുദ്ദീൻ കുഞ്ഞ്, ആർ.സോമൻ എന്നിവർ പരാമർശം ( 7 ) പ്രകാരം വിശദീകരണം സമർപ്പിച്ചു. സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഇവരെ 3.05.2018-ന് നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ കുറ്റാരോപിതർ താഴെപറയുന്ന വാദങ്ങൾ ഉന്നയിച്ചു. അഡീഷണൽ മാർക്കിംഗ് നടത്തിയിട്ടുള്ള 3 6 8 തേക്കുമരങ്ങളും ബഹു. മേലധികാരികളായ കൊല്ലം ഫോറസ്റ്റ് കൺസർവേറ്ററിന്റെയും പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.മോഹനൻപിള്ളയുടെയും വാക്കാലുള്ള നിർദ്ദേശപ്രകാരമാണ് ചെയ്തിട്ടുള്ളത്. ടി റീമാർക്കിംഗ് നടത്തിയ മുഴുവൻ മരങ്ങളും IV, V ക്ലാസ് കഴകളും ബില്ലറ്റും വിറകുമായതിനാൽ വിലപിടിപ്പുള്ള വലിയ മരങ്ങളൊന്നും തന്നെ ടി 3 6 8 തേക്കുമരങ്ങളിൽ ഉൾപ്പെടുന്നില്ല. മാർക്കിംഗ് രജിസ്റ്ററിൽ ശരിയായ രീതിയിലാണ് മരങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിരിക്കുന്നത്. സെക്ഷൻ ഫോറസ്റ്റർ അബ്സ്ട്രാക്റ്റ് എഴുതിയപ്പോൾ കൂട്ടിയതിൽ വന്ന സാങ്കേതിക പിശകാണ്. തേക്കുമരങ്ങൾ 4188നു പകരം 4288എന്നും പലജാതി മരങ്ങൾ 2 5 9 7 നു പകരം 2497എന്നും എഴുതിയതുമൂലമാണ് ഇപ്രകാരം പിശക പറ്റിയതെങ്കിലും തടികളുടെ വ്യാപ്തത്തിനോ ബേസിക് റേറ്റിനോ വ്യത്യാസം വന്നില്ല. തന്മൂലം സർക്കാരിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ല. 2007 ലും 2 0 0 9 ലും വ്യത്യസ്ത ക്ലാസ്സിഫിക്കേഷൻ വച്ചാണ് മരങ്ങൾ മാർക്ക് ചെയ്തിരുന്നത്. 2007 ൽ പുനലൂരിലെ വർക്കിംഗ് പ്ലാൻ അനുസരിച്ചും 2 0 0 9 ൽ അച്ചൻകോവിലിലെ വർക്കിംഗ് പ്ലാൻ അനുസരിച്ചും ആണ് മരങ്ങൾ മാർക്ക് ചെയ്തിട്ടുള്ളത്.

2007 ൽ സർവ്വെ ചെയ്തിരുന്നതിനാൽ 2009-ൽ ടി തോട്ടം സർവ്വെ ചെയ്തിട്ടില്ല. 2009-ൽ ടി തോട്ടത്തിന്റെ അതിർത്തി കല്ലുകൾ സ്ഥാപിച്ചിരുന്നു. ടി

അതിർത്തിക്കല്ലുകൾ പരിശോധിച്ച് അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.എസ്.മോഹനൻപിള്ള കൺവീനർബില്ല് പാസ്സാക്കി പണം നൽകിയിട്ടുണ്ട്. ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗം ടി187 തേക്കുമരങ്ങൾ നഷ്ടപ്പെട്ടതിന് ബന്ധപ്പെട്ട കുറ്റിമഹസ്സർ തയ്യാറാക്കുകയോ നഷ്ടം കൃത്യമായി കണക്കാക്കുകയോ ചെയ്യാതെ വെറും ഊഹാപോഹങ്ങൾ വച്ച് തയ്യാറാക്കിയ റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്.

8) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ കേസിന്റെ തുടക്കത്തിൽ കുറ്റാരോപിതരായി റെയിഞ്ച്, ഡിവിഷൻ, സർക്കിൾ തലത്തിൽ 10 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇതിന് ആസ്പദമായ യാതൊരു കണ്ടെത്തലുകളും നടത്താത്തതിലും വസ്തുതാപരമല്ലാത്തതിനാലും സർക്കാർ നഷ്ടം ഇല്ലാത്തതിനാലും റെയിഞ്ചാഫീസറും ഫോറസ്റ്ററും ഒഴികെയുള്ള എല്ലാവരേയും കുറ്റവിമുക്തരാക്കി. കൂടാതെ സർക്കാർ നഷ്ടം നിശ്ചയിച്ചത് തെറ്റാണെന്നും സർക്കാരിന് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ലായെന്നും ബോധ്യപ്പെട്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും കുറ്റവിമുക്തനാക്കുകയുണ്ടായി.

9) 1967 കടമാൻകോട് തേക്ക്-ഇലവ് പ്ലാന്റേഷനിൽ 2009-ൽ അടങ്കലുകൾ പാസാക്കാതെ അടക്കിമുറി ആരംഭിച്ചത് മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരമായിരുന്നു. അഡീഷണൽ മാർക്കിംഗിന് സൂപ്പർവൈസറി ഓഫീസർമാർ അനുമതി നൽകിയിട്ടുണ്ട്. ചാർജിൽ പ്രതിപാദിപ്പിച്ചിട്ടുള്ള 2,04,762/- രൂപയുടെ സർക്കാർ നഷ്ടം യഥാർത്ഥത്തിൽ സംഭവിച്ചിട്ടുണ്ടോ എന്ന് ഔപചാരികാന്വേഷണ റിപ്പോർട്ടിൽ വ്യക്തമല്ല. ശാസ്ത്രീയമായ തെളിവുകളും, മഹസർ പോലും തയ്യാറാക്കാതെയും നഷ്ടം സംഭവിച്ചു എന്ന് പറയുന്നത് ശരിയല്ല എന്ന കുറ്റാരോപിതരുടെ വാദം ഖണ്ഡിക്കുന്ന കണ്ടെത്തലുകളൊന്നും ഔപചാരികാന്വേഷണത്തിൽ ഇല്ല. 2007-ൽ പ്രസ്തുത പ്ലാന്റേഷനിൽ മാർക്കിംഗ് നടത്തിയത് പൂർണമായും ശരിയായിരുന്നോ എന്ന് പരിശോധിക്കാതെ 2009ലെ മാർക്കിംഗുമായി താരതമ്യം ചെയ്ത് സർക്കാർ നഷ്ടം ഉണ്ടായി എന്നു പറയുന്നത് വസ്തുതാപരമല്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ അടക്കിമുറിയിലൂടെ ശേഖരിച്ച കഴകൾ വില്പന നടത്തിയതിൽ നല്ല വില ലഭിച്ചുവെന്നും സർക്കാർ നഷ്ടമുണ്ടായിട്ടില്ലെന്നുമുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ട് പരിഗണിച്ച് ദയാപരമായ സമീപനം സ്വീകരിച്ച് ഈ

വിഷയത്തിൽ അച്ചടക്ക നടപടി നേരിടുന്ന സർവ്വശ്രീ. നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ആർ. സോമൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), എന്നിവരെ കുറ്റവിമുക്തരാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

**പ്രിൻസിപ്പൽ** സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.നാസറുദ്ദീൻ കുഞ്ഞ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ.

ശ്രീ.ആർ.സോമൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.).

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Safeein

സെക്ഷൻ ഓഫീസർ